ഗ്രാമപഞ്ചായത്തുകളുടെ ചെലവ്

252 (3459) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതിവിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുകയാണ് മാറ്റി വച്ചിരുന്നത്;

(ബി) നാളിതുവരെ എത്ര തുക ചെലവഴിച്ചു; ആകെ തുകയുടെ എത്ര ശതമാനമാണ് ചെലവിട്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് 2684,32,30,000 രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

(ബി) 8-12-2015 വരെ ക്യാരി ഓവർ ഉൾപ്പെടെയുള്ള തുകയിൽ 7476368000 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് 23.51% ആണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക

253 (3460) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി അവസാനിക്കും മുമ്പ് തദ്ദേശ ഭരണസ്ഥാപനങ്ങൾ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്ന് പറയാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയിൽ ഇനി ചെലവഴിക്കാൻ ബാക്കി എത്ര തുകയുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21.53 ശതമാനമാണ് ചെലവഴിച്ചത്.

(ബി) 476838.68 ലക്ഷം രൂപയാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. (താല്ക്കാലിക കണക്ക്)

ഗ്രാമപഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ

254 (3461) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക ബഡ്ജറ്റിന്റെ 15 ശതമാനത്തിലധികം കാർഷിക വികസന പരിപാടികൾക്കായി ചെലവഴിച്ച എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് എന്ന വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പതിനഞ്ചു ശതമാനത്തിലധികമായി ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിനു തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly